KBPS

KERALA BOOKS AND PUBLICATIONS SOCIETY
(An undertaking of the Government of Kerala)
Kakkanad P.O. Kochi-682 030, Kerala

നമ്പർ. പിആന്റ്എ6/756 1030 തീയതി: 24/02/2023

ലേല പരസ്യം/ക്വൊട്ടേഷൻ നോട്ടീസ്

കാക്കനാട്, കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി ഓഫീസ് പരിസരത്ത് കട പുഴകി നൽക്കുന്ന തേക്ക് മരങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുന്ന മറ്റു മരങ്ങൾ(പട്ടിക ചുവടെ ചേർക്കുന്നു) എന്നിവ മുറിച്ചു നീക്കം ചെയ്ത് തരുന്നതിന് മുദ്ര വെച്ച ക്വൊട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. അതോടൊപ്പം ഈ ഓഫീസിൽ വെച്ച് താഴെ പറയുന്ന ഉദ്യോഗസ്ഥനോ/അധികാരപ്പെടുത്തുന്ന മറ്റു ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്യുന്നതുമാണ്. ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും നിരതദ്രവ്യമായി താഴെ പറയുന്ന തുകക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ്, മാനേജിങ് ഡയറക്ടർ, കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി, കാക്കനാട് എന്ന പേരിൽ മാറാവുന്നത് ക്വൊട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**ടി ലേലത്തിൽ മതിയായ തുകക്ക് ലേലം കൊള്ളാതെയോ, ആളില്ലാതെയോ വന്നാൽ ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരം മറ്റൊരു നോട്ടീസ് ഇല്ലാതെ പുനർ ലേലം ചെയ്യുന്നതാണ്.**

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ (ക്വൊട്ടേഷൻ തന്നവർ ഉൾപ്പെടെയുള്ളവർ) പ്രസ്തുത സ്ഥലത്തും സമയത്തും ഹാജരാകേണ്ടതും മതിയായ നിരതദ്രവ്യം കെട്ടി വെച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതുമാണ്. കൂടുതൽ തുകക്ക് ലേലം കൊണ്ടയാൾ മുഴുവൻ തുകയും നിയമ പ്രകാരമുള്ള ജി.എസ്.ടി (18%) യും 5% വന വികസന നികുതിയും നൽകേണ്ടതാണ്. ലേലം ഉറപ്പിച്ചു കിട്ടുന്നവർ ലേല തുകയുടെ പകുതി ലേല സ്ഥലത്ത് വെച്ചു തന്നെ അടക്കേണ്ടതും ബാക്കി തുകയും 5% വന വികസന നികുതിയും ആകെ തുകയുടെ ജി.എസ്.ടി (18%) യും ലേലം ഉറപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിച്ച ഉടൻ തന്നെ അടക്കേണ്ടതും, 7 ദിവസത്തിനുള്ളിൽ പ്രസ്തുത സ്ഥലത്ത് നിന്നും മരങ്ങൾ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും നീക്കം ചെയ്യേണ്ടതുമാണ്. യാതൊരു കാരണവശാലും സമയം നീട്ടി കൊടുക്കുന്നതല്ല. കെ.ബി.പി.എസ്സിലെ വസ്തു വകകൾക്ക് യാതൊരു നഷ്ടവും സംഭവിക്കാത്ത വിധം മരങ്ങൾ മുറിച്ചു മാറ്റേണ്ടതും അല്ലാത്ത പക്ഷം നഷ്ടപരിഹാരം ഈടാക്കുന്നതുമാണ്.

ലേലം/ക്വൊട്ടേഷൻ അംഗീകരിച്ചതായി അറിയിപ്പ് ലഭിച്ച് നിശ്ചിത തീയതിക്ക് മുമ്പ് അപ്രകാരം ചെയ്യാത്ത പക്ഷം ലേലം അസ്ഥിരപ്പെടുത്തി ടിയാൻ അടച്ച തുക കണ്ടുകെട്ടുന്നതും പുനർ ലേലം ചെയ്യുന്ന തുമാണ്. ആയതിലേക്ക് യൊതൊരു തടസ്സ വാദത്തിനും അവകാശമില്ലാത്തതും തന്മൂലം സ്ഥാപനത്തിനുണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും ലേലം കൊണ്ടയാൾ ഉത്തരവാദിയായിരിക്കുന്നതുമാണ്. കൂടുതൽ വിവരങ്ങൾ കെ.ബി.പി.എസ്, കാക്കനാട് കാര്യാലയത്തിൽ നിന്നും പ്രവർത്തി സമയങ്ങളിൽ അറിയാവുന്നതാണ്. പൊതു മരാമത്ത് വകുപ്പിൽ നിലവിലുള്ള എല്ലാ ലേല നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും. ലേലം/ക്വൊട്ടേഷൻ സംബന്ധച്ച എല്ലാ തീർപ്പുകളും കെ.ബി.പി.എസ്, കാക്കനാട് കാര്യാലയത്തിൽ നിക്ഷിപ്തമാണ്.

M.D.Office: 0484-2422243 M.P.A.,C.F.A. 0484-2422245 Office: 0484-2422343
Fax: 91484-2422243,0484-2422342 P.M.(Mobile): 98460 98510
E-mail: books.kbps@gmail.com , Website: www.keralabooks.org

മരങ്ങളുടെ പട്ടിക

| ക്രമ നമ്പർ | മരത്തിന്റെ പേര് | Gbh(cm) | Volume | |
|---|---|---|---|---|
| | | | Timber ($m^3$) | Fire wood (mt) |
| 1. | തേക്ക് | 98 | 0.342 | 0.229 |
| 2. | തേക്ക് | 64 | Teak Pole II B | |
| 3. | തേക്ക് | 87 | 0.287 | 0.118 |
| 4. | മഴമരം | 280 | 3.068 | 2.535 |
| 5. | ആഞ്ഞിലി | 119 | 0.552 | 0.222 |
| 6. | വട്ട | 95 | 0.332 | 0.222 |
| 7. | വട്ട | 90 | 0.218 | 0.195 |
| 8. | വട്ട | 75 | 0.115 | 0.195 |
| 9. | വട്ട | 94 | 0.218 | 0.195 |
| 10. | വട്ട | 58 | Fire wood only | 0.18 |

1. നിരതദ്രവ്യം (ലേലം/ക്വൊട്ടേഷൻ) : 2,000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് (മാനേജിങ് ഡയറക്ടർ, കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി, കാക്കനാട് എന്ന പേരിൽ മാറാവുന്നത്)
2. ക്വൊട്ടേഷൻ ഓഫീസിൽ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും : 13/03/2023, വൈകുന്നേരം 4.00 മണി
3. ലേല തീയതിയും സമയവും : 14/03/2023, രാവിലെ 11.30 മണി
4. ലേല സ്ഥലം : കെ.ബി.പി.എസ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്
5. ജി.എസ്.ടി : 18%

ഒന്നാം പുനർ ലേലം

1. ക്വൊട്ടേഷൻ ഓഫീസിൽ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും : 23/03/2023, വൈകുന്നേരം 4.00 മണി
2. ലേല തീയതിയും സമയവും : 24/03/2023, രാവിലെ 11.30 മണി

രണ്ടാം പുനർ ലേലം

1. ക്വൊട്ടേഷൻ ഓഫീസിൽ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും : 30/03/2023, വൈകുന്നേരം 4.00 മണി
2. ലേല തീയതിയും സമയവും : 31/03/2023, രാവിലെ 11.30 മണി

** പുനർ ലേലങ്ങൾക്കും മേൽ വ്യവസ്ഥകൾ ബാധകമായിരിക്കും

മാനേജിങ് ഡയറക്ടർ